## വഴിവെളിച്ചം

# സമ്പത്ത് സൃഷ്ടിക്കുന്ന ചതിക്കുഴികൾ

عَن عَليّ بْن أَبِي طَالِب رَضِيَ اللَّه عَنْه قَال : إِنَّا لَجُلُوس مَعَ رَسُول اللَّه صَلّى اللَّه عَلَيه وَسَلّم فِي الْمَسْجِد إِذْ طَلَعَ مُصْعَبُ بن عُمَيْرٍ ، ما عَلَيْه إِلاّ بُرْدَة لَهُ مَرْقُوعَة بِفَرْوٍ ، فَلَمّا رَآهُ رَسُولُ اللَّه صَلّى اللَّه عَلَيْه وَسَلَّم بَكَى لِلّذِى كَانَ فِيه مِنَ النِّعْمَة وَالّذِي هُوَ اليَوْم فِيه ، ثُمّ قَالَ رَسول اللَّه صَلّى اللَّه عَلَيه وَسَلّم : "كَيْفَ بِكُم إِذَا غَدَا أَحَدُكُم فِى حُلّةٍ وَرَاحَ فِي حُلّةٍ وَوُضِعَتْ بَيْنَ يَدَيه صَحْفَة وَرُفِعَتْ أُخْرَى ، وَسَتَرْتُم بُيُوتَكُم كَمَا تُسْتَرُ الْكَعْبَةُ ؟ قَالُوا : يَا رَسُول اللَّه ، نَحْنُ يَوْمَئِذ خَيْر مِنّا الْيَوْمَ ، نَتَفَرَّغُ لِلْعِبَادَةِ ، وَنَكْفَى الْمُؤْنَة . فَقَالَ رَسُولُ اللَّه صَلّى اللَّه عَلَيْه وَسَلّم : لَأَنْتُمُ الْيَوْمَ خَيْر مِنْكُم يَوْمَئِذٍ " (الترمذى ، كتاب صفة القيامة)

*അലി(റ) പറയുന്നു: ഞങ്ങൾ നബി(സ)യുടെ കൂടെ പള്ളിയിൽ ഇരിക്കുകയാണ്. അപ്പോൾ മുസ്അബ്ബ്നു ഉമൈർ(റ) ഞങ്ങളുടെ ഇടയിലേക്ക് കടന്നുവന്നു. തോലുകൊണ്ട് കഷ്ണംവെച്ച ഒരു പുതപ്പല്ലാതെ മറ്റൊന്നും അദ്ദേഹത്തിന്റെ ദേഹത്തില്ലായിരുന്നു. അതുകണ്ട നബി(സ) അദ്ദേഹത്തിന്റെ മുമ്പത്തെ സുസ്ഥിതിയും ഇപ്പോഴത്തെ അവസ്ഥയുമോർത്ത് കരഞ്ഞുപോയി. അനന്തരം അവിടുന്ന് ചോദിച്ചു: 'നിങ്ങളിലൊരാൾ രാവിലെ ഒരു വസ്ത്രവും വൈകുന്നേരം മറ്റൊരു വസ്ത്രവും ഉടുക്കുകയും മുമ്പിൽനിന്ന് ഒരു ഭക്ഷണത്തളിക മാറ്റുമ്പോഴേക്ക് മറ്റൊന്ന് കൊണ്ടുവന്ന് വെക്കുകയും നിങ്ങളുടെ വീടുകൾക്ക് കഅ്ബയുടേതിന് സമാനമായ വിരിയും മറയുമുണ്ടാക്കുകയും ചെയ്യുന്ന ഒരവസ്ഥ സംജാതമാകുന്നതിനെക്കുറിച്ച് എന്തു തോന്നുന്നു?' അവർ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, അന്ന് ഞങ്ങൾക്ക് ഇന്നത്തേതിനേക്കാൾ എത്രയോ നല്ല അവസ്ഥയായിരിക്കും! ആരാധനക്കായി ഞങ്ങൾക്ക് ഒഴിഞ്ഞിരിക്കാമല്ലോ; ഞെരുക്കം തീരുകയും ചെയ്യും' നബി(സ) പറഞ്ഞു: 'അല്ല; അന്നത്തേതിനേക്കാൾ ഇന്നത്തെ അവസ്ഥ തന്നെയാണ് നിങ്ങൾക്ക് നല്ലത്.**

**ഇസ്ലാം** ഒരു സന്തുലിത ജീവിത ക്രമമാണ്. ഭൗതിക സുഖങ്ങളെ ആസക്തിയോടെ വാരിപ്പുണരുന്നത് തീർത്തും നിഗ്രഹിക്കുന്നതും ഒരുപോലെ അത് നിരാകരിക്കുന്നു. പാരത്രിക മോക്ഷത്തിന് വേണ്ടി ഐഹിക ലോകത്തെ പരിത്യജിക്കാനോ ഐഹിക ക്ഷേമത്തിന് വേണ്ടി പാരത്രിക ജീവിതത്തെ വിസ്മരിക്കാനോ ദീൻ കൽപിക്കുന്നില്ല. ഇരുലോകത്തോടും നീതി പുലർത്തണമെന്നതാണ് ഇസ്ലാമിന്റെ അധ്യാപനം.

സമ്പത്ത് സ്വയം ഒരു ശാപമോ തിന്മയോ അല്ല; ഭൗതിക ജീവിതത്തിന്റെ നിലനിൽപിനും പുരോഗതിക്കുമായി അല്ലാഹു നിശ്ചയിച്ചിട്ടുള്ള അനുഗ്രഹങ്ങളിലൊന്നാണ്. അതുപേക്ഷിച്ചാൽ വ്യക്തിക്കോ സമൂഹത്തിനോ ജീവിതമില്ല. എന്നാൽ ഏതൊരനുഗ്രഹത്തിനും പരീക്ഷണത്തിന്റേതായ ഒരു മറുവശം കൂടിയുണ്ട്. പ്രവാചകൻ പറഞ്ഞു: 'നിശ്ചയം എല്ലാ സമൂഹങ്ങൾക്കും ഓരോ പരീക്ഷണ വസ്തുക്കളുണ്ട്; എന്റെ സമുദായത്തിന്റെ പരീക്ഷണവസ്തു (ഫിത്ന) സമ്പത്താകുന്നു' (തിർമിദി, അഹ്മദ്).

സമ്പത്തും സുഖസൗകര്യങ്ങളും ചിലരുടെ വിശ്വാസത്തെയും ധാർമിക ബോധത്തെയും അപ്പാടെ നശിപ്പിച്ചു കളയാറുണ്ട്. സമ്പന്നത വ്യക്തിയുടെ കർമശേഷി തളർത്തിക്കളയാൻ ചിലപ്പോൾ കാരണമായിത്തീരുന്നു. ഒരു നബിവചനം ഇപ്രകാരമാണ്: 'അല്ലാഹുവാണ, നിങ്ങളെ സംബന്ധിച്ചേടത്തോളം ദാരിദ്ര്യത്തെയല്ല ഞാൻ ഭയപ്പെടുന്നത്. നിങ്ങളുടെ മുൻഗാമികൾക്കുണ്ടായതുപോലെയുള്ള സമ്പൽ സമൃദ്ധി നിങ്ങൾക്കുമുണ്ടാകുന്നതാണ് ഞാൻ ഭയക്കുന്നത്. അങ്ങനെ അവർ പരസ്പരം മത്സരിച്ചതുപോലെ നിങ്ങളും മത്സരിക്കും: അവർ നശിച്ചതുപോലെ നിങ്ങളും നശിക്കും!' (ബുഖാരി, മുസ്ലിം).

സമ്പത്ത് അല്ലാഹുവുമായുള്ള ബന്ധത്തിൽ മാത്രമല്ല; വ്യക്തികൾ പരസ്പരമുള്ള ബന്ധങ്ങളിലും ഉലച്ചിലുകൾ ഉണ്ടാക്കും. മുസ്ലിം സൈന്യം ഇറാഖ് ജയിച്ചടക്കിയ സന്ദർഭം: കുറേ സ്വർണാഭരണങ്ങളും മറ്റും ഖലീഫാ ഉമറി(റ)ന്റെ മുന്നിൽ കൊണ്ടുവരപ്പെട്ടു. അവ കണ്ടപ്പോൾ അദ്ദേഹം കരയാൻ തുടങ്ങി. അനുചരന്മാർ ചോദിച്ചു: 'അമീറുൽ മുഅ്മിനീൻ, താങ്കൾ എന്തിനാണ് കരയുന്നത്? അല്ലാഹു താങ്കൾക്ക് വിജയം നൽകുകയും ശത്രുക്കളെ പരാജയപ്പെടുത്തുകയും അതുവഴി താങ്കളുടെ കൺകുളിർപ്പിക്കുകയും ചെയ്തിരിക്കെ!' ഉമർ(റ) പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലി(സ)ന്റെ ഒരു മുന്നറിയിപ്പ് നമ്മുടെ കാര്യത്തിൽ സത്യമായി പുലരുമല്ലോ എന്ന് ഞാൻ ഭയപ്പെട്ടതാണ്.'

സമ്പത്തും സുഖസൗകര്യങ്ങളും ആവോളം ലഭിച്ചുകഴിഞ്ഞാൽ ജീവിതത്തിലെ പ്രശ്നങ്ങളെല്ലാം തീരുമെന്നും പിന്നീട് അല്ലാഹുവിന്റെ മാർഗത്തിൽ സ്വസ്ഥമായി പണിയെടുക്കാൻ ആവശ്യത്തിലേറെ സമയമുണ്ടാകുമെന്നുമുള്ള തെറ്റുധാരണ തിരുത്തുക കൂടി ചെയ്യുന്നു ആദ്യം ഉദ്ധരിച്ച ഹദീസ്. പണം പെരുകുമ്പോൾ ഇബാദത്തുകൾക്കായി മനുഷ്യൻ മാറിയിരിക്കാനല്ല, ഇബാദത്തുകൾ മാറ്റിവെക്കാനാണ് കൂടുതൽ സാധ്യത.

ഈ നബിവചനത്തിന്റെ താൽപര്യങ്ങൾ ഏറ്റവും മനോഹരമായി സ്വജീവിതത്തിലൂടെ പ്രാവർത്തികമാക്കിക്കാണിച്ച മഹാനാണ് മുസ്അബുബ്നു ഉമൈർ(റ). ഭൗതിക ജീവിതത്തിന്റെ സുഖാസ്വാദനങ്ങളിൽനിന്ന് ഭക്തിയുടെയും വിരക്തിയുടെയും പരുക്കൻ പ്രതലങ്ങളിലേക്ക് അദ്ദേഹം ഇറങ്ങി നടന്നു. ഒരു കാലത്ത് മക്കയിലെ ഏറ്റവും സുന്ദരനും അരോഗ ദൃഢഗാത്രനുമായിരുന്ന ആ ചെറുപ്പക്കാരൻ ഒടുവിൽ ശരീരം പൂർണമായി മറയ്ക്കാൻ ഒരു പുതപ്പുപോലുമില്ലാത്ത വിധം നിസ്വനായിത്തീർന്നു. ഉഹ്ദിൽ രക്തസാക്ഷ്യം വരിച്ച് ചേതനയറ്റ് കിടക്കുന്ന അദ്ദേഹത്തിന്റെ ശരീരം നോക്കി പ്രവാചകൻ(സ) ഇപ്രകാരം പറയുകയുണ്ടായി: 'അല്ലയോ മുസ്അബ്, മക്കയിൽ വെച്ച് ഞാൻ നിന്നെ കണ്ടിട്ടുണ്ട്. നിന്റേതിനേക്കാൾ മിനുസമുള്ള വസ്ത്രങ്ങൾ ധരിക്കുന്നവരും നിന്റേതിനേക്കാൾ മനോഹരമായ തലമുടിയുള്ളവരും മക്കയിൽ വേറെയുണ്ടായിരുന്നില്ല. ആ നീയാണിപ്പോൾ ഒരു പുതപ്പിനുള്ളിൽ ജടകെട്ടിയ മുടിയുമായി കിടക്കുന്നത്!'

തുടർന്ന് റസൂലുല്ലാഹി(സ) ഈ സൂക്തം പാരായണം ചെയ്തതായി ഉബൈദുബ്നു ഉമൈർ നിവേദനം ചെയ്യുന്നു: 'വിശ്വാസികളിൽ ചിലരുണ്ട്. അല്ലാഹുവുമായി ചെയ്ത കരാർ യാഥാർഥ്യമാക്കിക്കാണിച്ചവരാണവർ. അവരിൽ ചിലർ തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കി കഴിഞ്ഞിരിക്കുന്നു; മറ്റു ചിലർ അവസരം കാത്തിരിക്കുകയാണ്. തങ്ങളുടെ നിലപാടിൽ യാതൊരു മാറ്റവും അവർ വരുത്തിയിട്ടില്ല' (*അഹ്സാബ്*: 23).

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം തിർമിദി 'സുനനി'ൽ ഉദ്ധരിച്ചതാണ് ഈ നബിവചനം. ഇതിന്റെ നിവേദക പരമ്പര حسن ആണെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു (സുനനുത്തിർമിദി, വാ: 4, പേ: 647).